ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഈ സർക്കാരിന്റെ കാലത്ത് 17195 തസ്തികകൾ വിവിധ വകുപ്പുകളിൽ അധികമുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

മലയാള ബ്രാഹ്മണ സമാജം നൽകിയ നിവേദനം

9 [715] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2003 നവംബർ മാസത്തിൽ മലയാള ബ്രാഹ്മണ സമാജം നൽകിയ നിവേദനത്തിന്മേൽ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

നിവേദനത്തിലെ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

ആശംസാ കാർഡുകൾക്ക് വേണ്ടിവന്ന ചെലവ്

10 [716] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധവകുപ്പുകളും, പൊതുമേഖലാ സ്ഥാപനങ്ങളും പുതുവത്സരാശംസാ കാർഡ് അയയ്ക്കാൻവൻതോതിൽപണംചെലവഴിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അച്ചടി, പോസ്റ്റേജ് ഇനത്തിൽ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ചെലവഴിച്ച തുക വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ആശംസാ കാർഡുകൾക്കായി പണം ധൂർത്തടിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly